8 -ാം വര്‍ഷം
2025
മാര്‍ച്ച് 9
നോമ്പ് രണ്ടാം ഞായര്‍



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പ്രാര്‍ഥിക്കുന്നവരും പ്രാര്‍ഥന ഫലിപ്പിക്കുന്നവരും

ഉത്പ 5:19-31, ജോഷ്വ 4:15-24, റോമ 6:15-23 (6:1-23), മത്താ 7:21—27 (7:15-27)

### ചട്ടിയും കൊട്ടയും

എന്റെ വീട്ടില്‍ ഒരു ദിവസം ഒരു ചട്ടി വില്പനക്കാരന്‍ വന്നു വലിയ ഇരുമ്പ് കൊട്ട നിറയെ മണ്‍ചട്ടികളും ആയിട്ടാണ് ആ മനുഷന്റെ വരവ്. ഇരുമ്പുകൊട്ട വളരെ പ്രയാസപ്പെട്ട് വീടിന്റെ തിണ്ണയില്‍വെച്ച്, തലയില്‍ ഇരുന്ന തോര്‍ത്തെടുത്തു കുടഞ്ഞപ്പോള്‍ അമ്മച്ചി കാണുന്നത് ആ തലയുടെ പുറകില്‍ വലിയൊരു മുഴ. സ്ഥിരമായി കുട്ട ചുമന്നിട്ടാകാം മുള ചളുങ്ങി ഇരിക്കുകയാണ്. ഇതു കണ്ടിട്ട് അമ്മ ച്ചിക്ക് സങ്കടം വന്നു. ആവശ്യമില്ലെ ങ്കിലും ചട്ടി വാങ്ങാമെന്ന് കരുതി. രണ്ടെണ്ണത്തിന് അദ്ദേഹം 160 രൂപ പറഞ്ഞു. അമ്മച്ചി 200 രൂപ കൊടുത്തു. 40 രൂപ ബാക്കി കൊടുത്തപ്പോള്‍ അത് ആ മനുഷ്യന് തിരികെ കൊടുത്തിട്ട് ഇത് കൈയ്യില്‍ വച്ചോളു എന്ന് പറഞ്ഞു. എനിക്കു പണം വെറുതെ വേണ്ട എന്നായി ആ മനുഷ്യന്‍. എത്ര നിര്‍ബന്ധിച്ചിട്ടും 40 രൂപ വാങ്ങാന്‍ ആ മനുഷ്യന്‍ തയ്യാറായില്ല. അവസാനം അയാള്‍ പറഞ്ഞു, "നമുക്കു രണ്ടു പേര്‍ക്കും സന്തോഷമുള്ള ഒരു കാര്യം ചെയ്യാം. അമ്മച്ചിയുടെ 40 രൂപ ഞാന്‍ എടുക്കുന്നു. പകരം അമ്മച്ചിക്ക് ഒരു ചട്ടി തരുന്നു. ഈ 40 രൂപ എടുക്കുമ്പോള്‍ അമ്മച്ചിയുടെ മനസ്സിന്റെ ഭാരം കുറയും, സന്തോഷം കിട്ടും. എന്റെ ചട്ടി അമ്മച്ചി എടുക്കുമ്പോള്‍ എന്‍റെ തലയിലെ ചട്ടിയുടെ ഭാരം കുറയും, എനിക്കും സന്തോഷം കിട്ടും." ആ പാവപ്പെട്ട മനുഷ്യന്‍ വളരെ ലളിതമായി അവതരിപ്പിച്ച തത്വശാസ്ത്രം അമ്മച്ചിയെ അത്ഭുതപ്പെടുത്തി. വീട്ടിലെ ഭിത്തിയിലെ തൂങ്ങപ്പെട്ട രൂപം നോക്കി ആ മനുഷ്യന്‍ പറയുകയാണ്, "ദൈവം തമ്പുരാന്‍



മിനി പോള്‍

പറയുന്നത് നെറ്റിയിലെ വിയർപ്പു കൊണ്ട് ഭക്ഷിക്കണമെന്നാണ്. അതാ വെറുതെ പൈസ വേണ്ടെന്ന് പറഞ്ഞത്."

ഒരു സാധാരണക്കാരന്റെ ലളിതമായ ക്രിസ്തുസാക്ഷ്യം, സുവിശേഷ പ്രഘോഷണം. ഇന്ന് മത്തായിയുടെ സുവിശേഷത്തിൽ നമ്മൾ ധ്യാനിക്കുന്നതും ഇത് തന്നെയാണ്. മെത്രാന്മാരും വൈദീകരും അത്മായ നേതാക്കളുമായിരിക്കില്ല ഒരു പക്ഷേ ദൈവരാജ്യത്തിൽ വലിയവർ. അവിടുത്തെ വചനം സ്വന്തം ജീവിതപ്രാരബ്ധങ്ങൾക്കിടയിൽ ആരോരുമറിയാതെ പ്രാവർത്തികമാക്കുന്ന ചട്ടിവില്പനക്കാരും കൂലിപ്പണിക്കാരും മീൻപിടിത്തക്കാരും ഒക്കെയായിരിക്കും വിധിദിവസത്തിൽ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുക.

നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം വചനമാകണം. വചനം അനുസരിച്ച് ജീവിക്കണം. ഏതെങ്കിലും മെത്രാനെയോ, വൈദികനെയോ ആത്മായനേതാക്കളെയൊ കണ്ടിട്ടാണു നീ വിശ്വസിക്കുന്നതെങ്കിൽ, വിശ്വാസത്തിൽ ജീവിക്കുന്നത് എങ്കിൽ അവർ ഇടറി വീഴുന്നത് കേൾക്കുമ്പോൾ നിൻറെ വിശ്വാസം വഴി തെറ്റി പോകും. നിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനം ഒരു പുരോഹിതന്റെയോ മെത്രാന്റെയോ അല്മായ നേതാക്കളുടെയും വിശുദ്ധി ആണെങ്കിൽ അവരുടെ കളങ്കം നിന്നെ ഒരു അവിശ്വാസിയാക്കും. നമ്മുടെ മുന്നിൽ ഒരേയൊരു മോഡലേയുള്ളൂ, ക്രിസ്തു. നാം പഠിക്കേണ്ട ഒരു പാഠമേയുള്ളൂ, ക്രിസ്തു. നാം നടക്കേണ്ട ഒരു വഴിയേ ഉള്ളൂ, ക്രിസ്തു. നമ്മുടെ കൂടെ നടക്കുന്ന തീക്ഷ്ണമായ കണ്ണുകളുള്ള ആ ഗുരുവിനെ അനുഭവിക്കുന്നവനാണ് യഥാർത്ഥ ക്രിസ്തു ശിഷ്യൻ. പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് യഥാർത്ഥ ശിഷ്യൻ. വചനം പ്രഘോഷിക്കുന്നത് എളുപ്പമാണ്. ജീവിച്ചു കാണിക്കാൻ ആണ് പ്രയാസം.

### ഫ്രീക്കൻ

ദേശീയപാതയിൽ ഒരപകടം. ആളുകൾ ഓടി കൂടി. ആരും വീണ് കിടക്കുന്നവനെ തൊടുന്നില്ല. പല വാഹനങ്ങളും വരുന്നു, തല പുറത്തോട്ടിട്ട് നോക്കുന്നു, സഹതാപം നിറഞ്ഞ മുഖത്തോടുകൂടി വണ്ടി നീണ്ടുന്നു. GIFT OF GOD എന്ന് പുറകിലും മുൻപിലും വലിയ അക്ഷരത്തിൽ എഴുതിയ വാഹനവും അതിനുള്ളിലിരിക്കുന്ന ദൈവത്തിന്റെ സന്താനങ്ങൾ എന്ന് അഹങ്കരിക്കുന്നവരും ഒരു കൈ സഹായവും ചെയ്യാതെ കടന്നു പോകുന്നു. ഇതിനിടയിൽ ദാ... വരുന്നു.... താടിയും മുടിയും നീട്ടിവളർത്തിയ 3 ഫ്രീക്കന്മാർ..... BAD BOYS എന്ന എഴുതിയ വണ്ടിയിൽ നിന്നിറങ്ങി. ആളുകളെ വകഞ്ഞു മാറ്റി അപകട പ്പെട്ടയാളെ വണ്ടിയിൽ കയറ്റി നേരെ ആശുപത്രിയിലേക്ക്..... നിസ്സംഗനായി നിന്ന ഒരാളുടെ കണ്ണിൽ വെളിച്ചം വീണു, ഹൃദയത്തിലും. ആ ചെക്കന്മാരാണ് GIFT OF GOD .....

താടിയും മുടിയും നീട്ടിവളർത്തിയ നമ്മുടെ ഫ്രീക്കനായ കർത്താവിന്റെ പിൻഗാമികൾ. മത്തായി 7/24 പറയുന്ന പോലെ കർത്തവിന്റെ വചനം അനുസരിച്ച് ജീവിക്കുന്നവൻ മഴ പെയ്താലും, കാറ്റടിച്ചാലും വീഴില്ല. പാരമ്പര്യവും നിയമവും നോക്കാതെ അനീതിക്കെതിരെ ചാട്ടവാറേന്തിയ യേശുക്രിസ്തുവിന്റെ പിൻഗാമികളായി ഇതുപോലുള്ള ഫ്രീക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം. അപകടത്തിൽ പെട്ടവൻ ചോരനീരാക്കി വളർത്തിയ ആരുടെയൊ, സ്നേഹിച്ചു കൊതി തീരാത്ത ആരുടേയോ പ്രിയപ്പട്ടവർ ആകാം എന്ന തിരിച്ചറിവാണ് ഈ ഫ്രീക്കന്മാരെ നല്ല സമരിയക്കാരാക്കുന്നത്.

### ഫലം

കരുണയുടെ വർഷത്തിൽ എന്നെ ഏറെ സ്പർശിച്ചതാണു സത്യദീപത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് എഴുതിയ ലേഖനം. 'കരുണയാകാൻ കരുണയേകാൻ'. ക്രിസ്തുനാഥൻ ചെയ്ത അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അടിസ്ഥാനം കരുണയാണ്. അവന് അവരോട്, അവളോട്, അവനോട് കരുണ തോന്നി എന്ന് പല പ്രാവശ്യം സുവിശേഷത്തിൽ പറയുന്നുണ്ട്. സ്ത്രീകളുടെ സ്ഥാനത്ത് നിന്ന് ചിന്തിച്ച് അവരോട് കരുണ കാട്ടി അവരെ ചേർത്തു നിർത്തിയ ക്രിസ്തുനാഥനെ പോലെ മറ്റൊരു സ്ത്രീപക്ഷ ലോകൈക വിപ്ലവകാരി ചരിത്രത്തിൽ ഇല്ല. സ്ത്രീകൾക്ക് അർഹമായ സ്ഥാനം നല്കി, നീതിപൂർവകമായി പ്രവർത്തിക്കുന്നവരും ക്രിസ്തുവചനത്തിന്റെ യഥാർത്ഥ സുവിശേഷഭാഷ്യം ആയിരിക്കും.

വചനം നമ്മെ സ്പർശിച്ചിട്ടും ക്രിസ്തുവിനെ അനുഭവിച്ചിട്ടും വിശ്വസിക്കാതിരിക്കാൻ ന്യായങ്ങൾ തേടുന്നവരാണു പലരും. കുട്ടിക്കാലം മുതലേ വചനം കേൾക്കാനും സഭാപ്രബോധനങ്ങൾ പഠിക്കാനും അവസരം ലഭിച്ചതു ദൈവം നമ്മെ അതിനായി തിരഞ്ഞെടുത്തതു കൊണ്ടാണ്. എല്ലാം മനസ്സിലായിട്ടും നാം സന്ദേഹികളായി തുടരുന്നുണ്ടെങ്കിൽ അതിന്റെ ഒരു പ്രധാനകാരണം, വിശ്വാസം നമ്മിലേൽപിക്കുന്ന ഉത്തരവാദിത്വങ്ങളെ കുറിച്ചുള്ള ആകുലതയാണ്. വിശ്വസിച്ചില്ലെങ്കിൽ വിശ്വാസത്തിന് അനുസരിച്ചു പ്രവർത്തിക്കേണ്ടതുമില്ല എന്നു നാം ആശ്വസിക്കുന്നു. എന്നാൽ, മനസാക്ഷിയുടെ മുമ്പിൽ നമുക്കു നീതീകരണമില്ല. വിശ്വാസത്തിന്റെ വിത്തു ഹൃദയത്തിൽ വിതയ്ക്കപ്പെട്ടവരുടെ അനാവശ്യമായ പിടിവാശികളെ ക്രിസ്തു പ്രോത്സാഹിപ്പിക്കുന്നില്ല.

വചനത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നവർ സ്വാഭാവികമയും ഫലം പുറപ്പെടുവിക്കുന്നു. വിശ്വാസം പ്രവൃത്തികളിൽ പ്രതിഫലിക്കും. വിശ്വാസത്തിന്റെ ഫലം വിശ്വസിക്കുന്നവർക്കു ലഭിക്കും, അവർ മറ്റുള്ളവർക്കു ഫലമേകുകയും ചെയ്യും. വിശ്വാസമുള്ളവരുടെ പ്രാർഥന ഫലിക്കുമെന്നു പറയുന്നതു നമുക്കെല്ലാം ഇഷ്ടമാണ്. എന്നാൽ, വിശ്വാസത്തിന്റെ ഫലമായി ഒരാൾ ചെയ്യുന്ന പ്രവൃത്തിയാണ് മറ്റൊരാൾക്കു പ്രാർഥനയുടെ ഫലമായി അനുഭവിക്കാൻ കഴിയുന്ന നന്മയെന്നു നാം മറക്കുകയുമരുത്. പ്രാർഥിക്കുന്നവരും പ്രാർഥന ഫലിപ്പിക്കുന്നവരുമാകാൻ നമുക്കു കഴിയണം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com